# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

17-02-2016-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2171

## കേന്ദ്ര - സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സ്ഥാപിതശേഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ.സുരേഷ് കുറുപ്പ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കേന്ദ്ര - സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ സാദ്ധ്യമായിട്ടുണ്ടോ ; ഇക്കാര്യം വിലയിരുത്താറുണ്ടോ ; വിശദമാക്കാമോ ; | (എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്ഥാപിതശേഷി പൂർണ്ണതോതിൽ ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, ഓർഡറുകളുടെ അഭാവം, സമയബന്ധിതമായ അറ്റകുറ്റപ്പണികളുടെ അഭാവം, പ്രവർത്തന മൂലധനത്തിന്റെ കുറവ് എന്നിവയാണ് പ്രധാനമായും സ്ഥാപിതശേഷി കൈവരിക്കുന്നതിലെ പ്രധാന തടസ്സങ്ങൾ. ടെക്സ്റ്റൈൽ മേഖലയിലുണ്ടാകുന്ന ഹാജർ കുറവും ഇതിനെ പ്രതികൂലമായി ബാധിക്കുന്നു. ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുവാൻ സാധ്യമാകുന്ന സ്ഥാപനങ്ങളിൽ അതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥാപിതശേഷി വിനിയോഗം സംബന്ധിച്ച് സംസ്ഥാന സർക്കാർ ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല. |
| (ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുവാൻ കഴിയുന്ന ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതു മൂലം പൊതുമേഖലാ സ്ഥാപനങ്ങൾ കൂടുതൽ പ്രതിസന്ധിയിലാകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. ഇറക്കുമതി ചുങ്കം കുറച്ചത് മൂലം വിദേശരാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ അനാരോഗ്യകരമായ ഇറക്കുമതി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |

(സി) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളുടെ ശേഷി പ്രയോജനപ്പെടുത്താൻ കഴിയുംവിധം ഉല്പന്നങ്ങളുടെ ഓർഡറുകൾ നേടിയെടുക്കുന്നതിൽ പരാജയപ്പെടുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സ്വകാര്യവത്ക്കരണ നിലപാടുകൾ ഇതിന് തടസ്സമാകുന്നുണ്ടോയെന്നറിയിക്കാമോ ?

(സി) ഇറക്കുമതി ചുങ്കം കുറച്ചത് മൂലം വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ അനാരോഗ്യകരമായ ഇറക്കുമതി, ഉൽപ്പാദന ചെലവിനു ആനുപാതികമായി വില ലഭിക്കാത്തത്, വിപണിയിൽ നേരിടുന്ന കടുത്ത മത്സരം എന്നിവ ആവശ്യമായ ഓർഡറുകൾ നേടിയെടുക്കുന്നതിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രതിബന്ധമായിട്ടുണ്ട്. ഇത് സ്ഥാപനങ്ങളുടെ ഉൽപ്പാദനശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരംക്ഷിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള നയപരിപാടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ